Official Monthly Bulletin September 2017

# MARIAN



**St. Mary's Indian Orthodox Cathedral**
P.O.Box 834, Manama, Kingdom of Bahrain Tel: 17252980 Fax: 17276092
E-mail: stmarys@stmarybahrain.com,Website: www.stmarybahrain.com



# പ്രത്യാശ



ചരിത്രത്തിൻെറ താളുകളിൽ നിറഞ്ഞു നിൽക്കുന്നവരെല്ലാം പ്രത്യാശയെന്ന ജീവിതാവസ്ഥയെക്കുറിച്ച് പ്രത്യക്ഷവും പരോക്ഷവുമായി പരാമർശിക്കുവാൻ തക്കവണ്ണം നമ്മെ എന്നും ആകർഷിക്കുന്നു. അവരുടെ പ്രത്യാശനിർഭരമായ ജീവിതാനുഭവങ്ങളിലൂടെ. എറിക് ഫ്രോം എന്ന മന:ശാസ്ത്രജ്ഞൻ തൻെറ കുറിപ്പിലൂടെ പ്രത്യാശയെപ്പറ്റി പരാമർശിച്ചിരിക്കുന്നത് സകല തയ്യാറെടുപ്പുകളോടും കൂടി ഇനി വരാനുള്ളവയെ കാത്തിരിക്കുക എന്നതും, അതേസമയം ആ കാത്തിരിപ്പ് എത്ര നീണ്ടാലും നിരാശരാകാതിരിക്കുക എന്നുള്ളതുമാണ്. മനുഷ്യനിൽ ഉള്ളതും എന്നാൽ മനുഷ്യൻ ഒരുപാടു വളർത്തിയെടുക്കേണ്ടതുമായ ഒന്നാണ് പ്രത്യാശ. മഹാകവി ടാഗോർ ഇതിനെ മനോഹരമായി വിവരിച്ചത് ഇപ്രകാരമാണ്. ഭൂമിയിൽ ജനിച്ചു വീഴുന്ന ഓരോ ശിശുവും നമുക്കു തരുന്ന ഒരു സന്ദേശമുണ്ട് ദൈവത്തിനു ഇപ്പോഴും മനുഷ്യനിൽ പ്രത്യാശയുണ്ട്. ദൈവത്തിനു മനുഷ്യനെക്കുറിച്ചുള്ള പ്രത്യാശ എന്നതിലൂടെ ടാഗോർ അർത്ഥമാക്കുന്നത് ഈ ലോകത്തു പിറന്നു വീഴുന്ന ഓരോ മനുഷ്യനും വലിയ ദൗത്യത്തോടെ കടന്നു വരുന്നു എന്നതാണ്.

ജീവിതത്തിലെ ഏതു കറുത്ത നിമിഷങ്ങൾക്ക് അപ്പുറവും ദൈവം ഇടപെടുന്ന ഒരു സന്ദർഭം വിശുദ്ധരുടെ ജീവിത പ്രത്യാശയായിരുന്നു. അത് അവരുടെ ജീവിതാനുഭവമായിരുന്നു. അത് സിദ്ധാന്തത്തിൽ അറിയാവുന്നവർ വിശ്വാസികളും, അത് ജീവിച്ചവർ, പ്രത്യാശിച്ചവർ, അനുഭവിച്ചവർ വിശുദ്ധ വിശ്വാസികളുമായി. വിശുദ്ധരുടെ ഈ അനുഭവം നമുക്കന്യമല്ല. നമ്മുടെ ജീവിതത്തിൻെറ താളം തെറ്റലുകളിൽ എത്ര അപ്രതീക്ഷിതമെന്നു മറ്റുള്ളവർക്ക് തോന്നിക്കാൻ പോന്നതും എന്നാൽ ദൈവനിശ്ചിതവും നാം പ്രത്യാശിച്ചതുമായ സുഹൃത്തുക്കളുടെ കടന്നു വരവുകൾ ഉണ്ടായിട്ടുണ്ട്. ഹൃദയത്തിൽ നിർമ്മലത സൂക്ഷിച്ചും, പ്രലോഭനങ്ങളിൽ അകപ്പെട്ടും ആത്മാവ് സന്നദ്ധമെങ്കിലും ശരീരം ദുർബ്ബലമായിരിക്കുന്ന ഒരവസ്ഥയിൽ വിശ്വാസിയുടെ അത്താണി, പ്രത്യാശയിൽ കരം പിടിച്ചു നടത്തുന്ന ദൈവമാണ്. ആ ദൈവം, സ്നേഹിതൻെറ വിരൽതുമ്പിലൂടെ, ഗുരുവിൻെറ ശിക്ഷണത്തിലൂടെ, മാതാവിൻെറ ഉപദേശത്തിലൂടെ, അധികാരിയുടെ തിരുത്തലിലൂടെ ഒക്കെ കടന്നുവരാം. വിശുദ്ധി, ദൈവവുമായുള്ള മനുഷ്യൻെറ അടുപ്പമാണ്. ആ അടുപ്പത്തിൽ ജീവിതത്തെ ക്രമീകരിക്കുന്നതാണ്. അങ്ങനെ ജീവിതം ക്രമപ്പെടുത്തുന്നവരോട് ദൈവം കൂടെ സഞ്ചരിക്കുന്നുവെന്നത് കെട്ടുകഥയല്ല മറിച്ച് അത് അങ്ങനെ തന്നെയാണ്.

അതിനാൽ വിശ്വാസി വള്ളം മുമ്പോട്ട് തുഴയുമ്പോൾ ഒരു കാലത്തും ഒടിയാത്ത പ്രത്യാശയാകുന്ന ഒരു കഴുക്കോൽ വിശ്വാസിക്ക് ദൈവം സമ്മാനിക്കുന്നു. വിശുദ്ധിയുടെ ആഴങ്ങൾ ശാന്തതയാണ് മനുഷ്യന് സമ്മാനിക്കുന്നത്. അവൻ തൻെറ ജീവിതയാത്ര ശാന്തമായി തുടരുന്നു. ലക്ഷ്യത്തിലേക്ക് യാത്ര ചെയ്യുന്ന ഇവനെ മറ്റൊരാൾക്ക് പിന്തിരിപ്പിക്കാനാവില്ല. എന്നാൽ ഈ യാത്രയിലുടനീളം അവൻ യുദ്ധത്തിലാണ്. പ്രത്യാശാനിർഭരമായ യുദ്ധത്തിൽ. സ്വർഗ്ഗരാജ്യത്തിലേക്കുള്ള യാത്ര ഇടുങ്ങിയ വഴിയിലൂടെ ആയതിനാൽ വലിയ വഴികളിൽ ഓടുവാനുള്ള തൻെറ കാലുകളുടെ ആഗ്രഹത്തെ നിരന്തരം ഉപേക്ഷിക്കുക എന്ന യുദ്ധം. ആ യുദ്ധത്തിൽ അവന് സങ്കടം തോന്നായ്കയില്ല, എന്നാലും അവൻ ആ യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നത് പരമമായ ലക്ഷ്യത്തെ പുൽകുക എന്ന പ്രത്യാശയിലാണ്.

ഫാ. എം.ബി.ജോർജ്ജ്
(വികാരി)

ഫാ. ജോഷ്വാ ഏബ്രഹാം
(അസി. വികാരി)



"വാഴ്‌വിന്നാകട്ടെ മാതാവിന്നോർമ്മ
മാദ്ധ്യസ്ഥം നമ്മൾക്കെന്നാളും കോട്ട"



കർത്താവിൽ പ്രിയരേ

വി. ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാൾ നമ്മുടെ ഇടവക ഏറ്റവും ശ്രേഷ്ഠമായി നോമ്പോടും പ്രാർത്ഥനയോടും നേർച്ച കാഴ്ചകളോടും കൊണ്ടാടുകയുായി. സെപ്റ്റംബർ 1 മുതൽ 8വരെ വി മാതാവിന്റെ മദ്ധ്യസ്ഥതയിൽ ഒരിക്കൽ കൂടി അഭയം പ്രാപിച്ചുകൊണ്ട് മദ്ധ്യസ്ഥതാവാരം ആയി ആചരിക്കുന്നു. പരി.അമ്മയുടെ മദ്ധ്യസ്ഥത എന്നും നമ്മുടെ ഇടവകയ്ക്ക് അനുഗ്രഹകരമായി തീരുമാകാറാട്ടെ എന്നു പ്രാർത്ഥിക്കുന്നു.

വിദ്യാർത്ഥികളുടെ അവധിക്കാലം വിജ്ഞാനപ്രദവും വിനോദവുമാക്കുവാൻ ഇടവകയിൽ നടത്തിവന്ന summer camp ഏറ്റവും ഭംഗിയായി പൂർത്തീകരിക്കാൻ സാധിച്ചു. ഈ വർഷം അതിനു നേതൃത്വം നൽകിയ ബഹു. ജോബിൻ വർഗ്ഗീസ് അച്ചൻ, മറ്റു ഭാരവാഹികൾ എന്നിവരോടുള്ള അനുമോദനങ്ങൾ രേഖപ്പെടുത്തട്ടെ. ഇടവകയുടെ ആദ്യഫലപ്പെരുന്നാളിനായുള്ള കൂട്ടായ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിലേക്കായി ഓരോ ഇടവക ജനങ്ങളുടെയും അകമഴിഞ്ഞ പിന്തുണയും സഹായ സഹകരണങ്ങളും അഭ്യർത്ഥിക്കുന്നു.

സെപ്റ്റംബർ മാസം 14ാം തിയതി സ്ലീബ പെരുന്നാളും 15ാം തിയതി കാതോലിക്കേറ്റ് പുന:സ്ഥാപിക്കപ്പെട്ടതിന്റെ 105ാം വാർഷികവും ആണല്ലോ. മലങ്കര സഭയുടെ അപ്പോസ്തോലിക പൈതൃകത്തിന്റെയും സ്വാതന്ത്ര്യബോധത്തിന്റെയും ഭാരതദേശീയതയുടെയും പ്രതീകമായാണ് പൗരസ്ത്യ കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിക്കപ്പെട്ടത്. മലങ്കരസഭയെ സംബന്ധിച്ച് എറ്റവും നിർണ്ണായകമായ വിധി പ്രഖ്യാപനമാണ് ഭാരതത്തിന്റെ പരമോന്നത നീതിപീഠത്തിൽ നിന്നും ഉണ്ടായിരിക്കുന്നത്. സമാധാനത്തിന്റെയും അനുരഞ്ജനത്തിന്റെയും പാതയിൽ ഇപ്പോൾ ലഭിച്ചിരിക്കുന്ന ഈ സുവർണ്ണാവസരത്തിലൂടെ മുന്നേറുവാൻ പരി.മാർത്തോമ്മ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന മലങ്കര മെത്രാപൊലീത്തയും പൗരസ്ത്യ കാതോലിക്കയും ആയ മോറാൻ മോർ ബസ്സേലിയസ്സ് മാർത്തോമ്മാ പൗലോസ് ദ്വിതീയന്റെ നേതൃത്വത്തിന് കഴിയുമാറാകട്ടെ. പരി സഭയുടെ ഐക്യത്തിനായി ദൈവത്തിനു മുൻപാകെ കൈകൾ ഉയർത്തി നിൽക്കുന്ന നമ്മുടെ അത്യുന്നത മഹാപുരോഹിതനായ പരി.പിതാവിന്റെ കൈകൾ താഴ്ന്നു പോകാതെ അതിനു ശക്തി പകരേണ്ടത് നാം ഓരോരുത്തരുടെയും കടമയാണ് എന്ന ഓർമ്മപ്പെടുത്തട്ടെ.

നമ്മുടെ ഇടവക ഉൾക്കൊള്ളുന്ന ഭദ്രാസനത്തിന്റെ പൂർവ്വ പിതാക്കന്മാരായ അഭിവന്ദ്യ അൽവാറിയോസ് മാർ യൂലിയോസ്സ്, അഭിവന്ദ്യ ഫീലിപ്പോസ് മാർ തെയോഫീലോസ്സ് എന്നീ മെത്രപ്പൊലീത്തമാരുടെ ഓർമ്മ ഈ മാസം ആചരിക്കുന്നു. അഭിവന്ദ്യ പിതാക്കന്മാർ കാണിച്ചു തന്ന പാതയിൽ നമുക്ക് സത്യവിശ്വാസത്തിൽ അടിയുറച്ചു ജീവിക്കാൻ കഴിയുമാറാകട്ടെ

പ്രവാസ ജീവിതത്തിന്റെ തിരക്കിലും ഗൃഹാതുരത്വം നൽകുന്ന കേരളത്തിന്റെ ദേശീയോത്സവമായ ഓണം നാം ആഘോഷിക്കുകയാണല്ലോ.എല്ലാ ഇടവക ജനങ്ങൾക്കും മാനേജിങ്ങ് കമ്മിറ്റിയുടെ പേരിൽ സന്തോഷപ്രദമായ ഓണാശംസകൾ നേരുന്നു.

ജോർജ് മാത്യു.
കത്തീഡ്രൽ ട്രസ്റ്റി

സിജു ജോൺ
കത്തീഡ്രൽ ആക്ടിങ്ങ് സെക്രട്ടറി

## Holy Qurbana Schedule

| | | | |
|---|---|---|---|
| Friday | : | September 01, 08, 15, 22 & 29 | 08:00 AM |
| Saturday | : | September 09 & 23 | 07:00 PM |
| Sunday | : | September 03(Morning) & 17(Evening) | |
| Wednesday | : | September 06, 13, 20 & 27 | 07:00 PM |

Madhyasthatha Vaaram (8days lent) Sept 1-8
Evening Prayer & Madhyastha Prarthana on all days.
Retreat : On September 02nd Morning 9.30am , 05 & 07 after the Evening Prayer

**Feast of the Holy Cross (Sleeba Perunnal) :13th Wednesday Evening.**

**Commemoration of L.L.H.G Dr.Philipos Mar Theophilos :27th Wednesday Evening.**

## Sunday School

Sunday school classes for all sections will starts on 1st September.

Those who wish for private registration to 10th & 12th examinations, requested to enroll your name with the Sunday school Headmaster on or before 15th September 2017.

Sunday School Annual Competitions will start from 15th September.
Details on Sunday school Hand book

## Martha Mariam Samajam

| | | |
|---|---|---|
| Meeting | : | Regular meetings on September 7th & 21 at 6.00 PM |
| Dhyaanam | : | On September 2nd at 9:30 am onwards |
| Payasam Competition | : | For cathedral members on 14th September |

## Divya Bodhanam

| | | |
|---|---|---|
| POCE | : | Every Thursday at 8.00 PM |
| DOCE | : | Every Monday at 8.00 PM |
| GOCE | : | Every Tuesday at 8.00 PM |

## St. Paul's Suvishesha Sangam

Meetings : Regular meetings on September 02nd, 10th ,16th , 24th & 30th at 7.30PM

## MGOCSM

Meetings : Regular meetings on every Friday after Sunday School in Cathedral

## St. Mary's Gavel Club

Meetings : Regular meetings on Friday September 8th & 22nd

## AMOSS

Meetings : Regular meetings on every Thursday after Sandhya Namaskaram

## St.Thomas Orthodox Christian Youth Movement

Regular meeting every Saturday 8:30 Pm.
ONAM celebration for Youth Members on 8th Sep 2017 at Kalavara Restaurant.
Cottage Prayer : 2nd Sunday

## HARVEST FESTIVAL 2017

**At The Bahrain Keraleeya Samajam Auditorium on 27th October 2017**

## WELCOME



**Rev.Fr.Dr.Georgy Joseph**
Consultant psychologist and clinical psychotherapist.

Director-Family Counselling Programme
(Adoor-Kadambanad diocese).

Asst. Prof.Mount ZION Medical college, Adoor

WELCOME to our Cathedral For the Teenage & Family Counselling Program Conducting on 21 st and 22nd September



**ആദരാഞ്ജലികൾ**

നമ്മുടെ മുൻ ഇടവാകാംഗമായ ശ്രീമതി. റേച്ചൽ ജോസഫ് (78 വയസ്) 16.08.2017 കർത്താവിൽ നിദ്ര പ്രാപിച്ചു. സംസ്കാരം 19.08.2017 തിരുവല്ല കുറ്റപ്പുഴ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ വെച്ചു നടത്തപ്പെട്ടു.

## FAREWELL



Mr.Issac Mathew (Roll # 328) Adiliya-Um Al Hassam.
Kakulanjiyil, Beach Ward, Alapuzha

| Date | Time | Area | Address / Venue |
|---|---|---|---|
| 01/09/2017 Friday | 6.00 pm | Manama | **Mr.Siju George,** Theophilus Hall Mobile:33433055 |
| 01/09/2017 Friday | 6.00 pm | Church Area North | **Mr.Varghese M.Cherian** Flat-21,Bldg-843,Road-1128,Block-311 Mob:39826848 |
| 01/09/2017 Friday | 7.30pm | Church South | **Mr.N K Mathew,** Flat :210,Bldg: 318,Road :326 Block : 311. Mobile: 39897958 |
| 08/09/2017 Friday | 5.00 pm | Sh.Hamad/Lulu | **Mr.Aji Daniel,** Flat 21,Bldg 1191,Road 1229, Block 312 . Mobile: 37370163 |
| 08/09/2017 Friday | 6.00 pm | Muharraq | **Mr.Winsent Thomas** Theophilos Hall, Mobile:39894859 |
| 08/09/2017 Friday | 7.30 pm | Hoora | **Mr.Karun Sebi,** Flat No.12,Bldg 289,Road5008, Block 450 Mobile:36462238 |
| 08/09/2017 Friday | 7.30 pm | Gudabiya | **Mr.T.C.John,** Villa 242 ,Road 1006,Block 310,Mobile: 39682176 |
| 15/09/2017 Friday | 6.00 pm | Sugayya-Zinj | **Mr.Philip P.M,** Theophilos Hall Mobile:36990968 |
| 15/09/2017 Friday | 6.00 pm | Gafool-Khamis | **Mr.Junu Mathai John,** Cathedral Back Hall. Mobile:39151085 |
| 15/09/2017 Friday | 7.30 pm | Adilya- Um Al Hassam | **Mr.Mathew Jose Mathew** Flat no 45,Bldg 68 B, Delmon Avenue, Adliya |
| 15/09/2017 Friday | 7.30 pm | Salmaniya | **Mr.Thomas Mathai,** Theophilos Hall Mobile:36262535 |
| 22/09/2017 Friday | 5.00 pm | Riffa-Sitra | **Mr.Jacob George.** Flat 12,Bldg 2701,Road941, Block907 Mobile:39112657 |
| 22/09/2017 Friday | 6.00 pm | Salmabad-Isa Town | **Mr.Paul Mathew,** Theophilos Hall Mobile:36279551 |

**EDITORIAL BOARD**

Chief Editor : Shibu C. George
Editor : Siju John

## FAVOURS RECEIVED



A Believer



A Believer



FIRST ANNIVERSARY IN HEAVEN

DILAN BLESSON

**22nd Death Anniversary On 14 September 2017**



''ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം''

**REV. FR. GEEVARGHESE** (അഞ്ചൽ അച്ചൻ)

CHANGARAM PALLIL HOUSE
MANNOOR POST, ANCHAL, KOLLAM

(For private circulation among Cathedral Members only)

*Inserted by :*
Shyno Varghese Koshy & Family